ഹരിതം ബുക്സ്



# സൂഫിയുടെ സാരസ്വതമുദ്രകൾ

## കെ.പി. രാമനുണ്ണി

### എഴുത്തും ജീവിതവും

എഡിറ്റർ:

ഡോ. ജോബിൻ ചാമക്കാല

Malayalam (Indian)

**Soofiyude Saraswathamudrakal**

K.P. Ramanunni: Ezhuthum Jeevithavum

Study

**Edited by Dr. Jobin Chamakkala**

ISBN Number: 978-93-95625-37-1

First Published: Nov. 2022

Copies: 1000

2771st book of Haritham

3330th book of Thayat Publications

© Reserved

All Rights reserved. No Part of this Publication may be reproduced. Stored in a retrieval system, or transmitted, in any form, or by any means, electronic, mechanical, photo copying, recording or otherwise, without the prior permission of the publishers.

Published by

**Haritham Books,**

**Karaparamba P.O, Calicut-10, Kerala, Phone: 9539064489**

**email:harithambooks@gmail.com**

**Branches: Trivandrum - Ernakulam- Palakkad - Calicut**

**Thalassery - Kannur- Kanhangad**

Cover Design

**Rajesh Chalode**

Layout

**Ragesh. P**

Printing

**Manipal Technologies, Manipal**

**Price: Rupees Four Hundred only**

107 ഇങ്ങേയറ്റത്ത് അരങ്ങേറ്റം
*ഇ.പി.രാജഗോപാലൻ*

114 ഫിനാൻസ് മൂലധനകാലത്തെ ബിംബജീവിതം
*ഡോ. പി. പവിത്രൻ*

139 യാഥാർത്ഥ്യത്തിന്റെ മറുപുറങ്ങൾ
*ഡോ. സുനിൽ പി.ഇളയിടം*

150 രാമനുണ്ണിക്കഥകളിലെ ജീവശാസ്ത്രം
*ഡോ. ഖദീജാ മുംതാസ്*

160 ജീവിതത്തിന്റെ പുസ്തകവും ഹെട്ടരോട്ടോപ്പിയയും:
നോവലിലെ ഇതരസ്ഥലനിർമ്മിതികൾ
*ഡോ. ടി.ടി. ശ്രീകുമാർ*

172 പ്രളയാനന്തരം തീരത്തണഞ്ഞ പുസ്തകം
*ഡോ. കെ.എം. അനിൽ*

185 സ്ത്രീവാഴുന്ന ജീവിതങ്ങൾ
*ഗിരിജ പി.പാതേക്കര*

193 ജീവിതാസക്തിയുടെ സത്യവാങ്മൂലം
*ഏഴാച്ചേരി രാമചന്ദ്രൻ*

198 ഉണ്ണിരാമന്റെ കൗതുകകാഴ്ചകൾ
അഥവാ രാമായണം
*ഡോ. എ.എം. ശ്രീധരൻ*

213 മലയാളനോവലിലെ പൊളിച്ചെഴുത്ത്
*ഡോ.എസ്.എസ്. ശ്രീകുമാർ*

222 മന:ശാസ്ത്രജ്ഞന്റെ വിളക്കത്ത്
രാമനുണ്ണി എഴുതുമ്പോൾ
*ഡോ.ബി.വി. ശശികുമാർ*

227 ആത്മരക്തം കൊണ്ടെഴുതിയ പുസ്തകം
*ഡോ.അജയപുരം ജ്യോതിഷ്കുമാർ*

233 കഥയുടെ അതികഥനരൂപം
*ഡോ.എം. കൃഷ്ണൻ നമ്പൂതിരി*

241 കഥയിലെ ഒളിപ്പോര്
*എൻ. ശശിധരൻ*

# പ്രളയാനന്തരം തീരത്തണഞ്ഞ പുസ്തകം

**ഡോ. കെ.എം. അനിൽ**

**ദൈവ**ത്തിന്റെ പുസ്തകം യഥാർത്ഥത്തിൽ മരണഭയത്തിൽനിന്നുണ്ടായ ഒരു പുസ്തകമാണ്. എല്ലാ അർത്ഥത്തിലും മനുഷ്യാതിജീവനം അസാധ്യമായിത്തീരുന്നതിന്റെ വാർത്തകളും വിശേഷങ്ങളും മാത്രമേ നമുക്ക് കേൾക്കാനും കാണാനുമുള്ളൂ. പ്രതീക്ഷാഭരിതമായ ഒരു സ്വപ്നം പോലും അവശേഷിച്ചിട്ടില്ല. കാരുണ്യരഹിതമായ വർത്തമാനലോകത്ത് ജീവിക്കുന്ന ഒരു ശരാശരി മനുഷ്യന്റെ വിഹ്വലവും കുഴമറിഞ്ഞതുമായ കാഴ്ചകളുടെ ശിഥിലമായ ചിത്രീകരണമാണ് ഈ നോവലിൽ നാം കാണുന്നത്. ഈ കാഴ്ചകളിലൂടെ കടന്നുപോകുമ്പോൾ ഉയരെനിന്ന് താഴേക്ക് നോക്കുന്ന സന്ദർഭത്തിൽ നമുക്കനുഭവപ്പെടുന്ന ഒരു ചൊരുക്കം അനുഭവപ്പെടും. അതിസാങ്കേതികവിദ്യയുടെ കാലത്ത് ഒരെഴുത്തുകാരൻ അനുഭവിക്കുന്ന കടുത്തനിരാശയുടേയും ഇച്ഛാഭംഗത്തിന്റേയും പുസ്തകമാണ് കെ. പി. രാമനുണ്ണിയുടെ ദൈവത്തിന്റെ പുസ്തകം. ദൈവത്തിന്റെ പുസ്തകത്തിനുള്ള ഒരു സവിശേഷത അത് ഏതൊരു വിശുദ്ധഗ്രന്ഥവുമെന്നപോലെ പുറംപകുത്ത് എവിടെനിന്നും വായിച്ചു തുടങ്ങാം എന്നുള്ളതാണ്. ആദിമദ്ധ്യാന്തപ്പൊരുത്തമുള്ള ഒരു കഥ പറയുക എന്ന ലക്ഷ്യം ഇതിനില്ല. ഏതാണ്ട് അയ്യായിരം വർഷത്തെ മനുഷ്യചരിത്രത്തിന്റെ ശിഥിലമായ സ്മരണകൾക്കുമുകളിലൂടെ നടത്തുന്ന ഒരു വ്യോമയാനാനുഭവമാണ് ഈ നോവൽ വായിക്കുമ്പോൾ ഒരാൾക്കുണ്ടാകുന്നത്. അല്ലാഹുവിന്റെ ഖജനാവിൽ മാത്രമേ അനന്തമായ സമയമുള്ളൂ എന്ന ബഷീറിയൻ ദർശനത്തെ പലമട്ടിൽ ഓർമ്മിപ്പിക്കാൻ ഈ നോവലിന് കഴിയുന്നു. ഒരു പക്ഷെ കഥാരചനയുടെ പ്രേരണതന്നെ കാലത്തെ ഉള്ളംകയ്യിലൊതുക്കാനുള്ള മനുഷ്യന്റെ ശേഷിയില്ലായ്മയെക്കുറിച്ചുള്ള ആദിമധാരണ

യാണെന്ന് പറയാം. എന്താണ് ഈ നോവലിന്റെ ക്രോണോടോപ്പ് എന്നത് ആലോചിക്കാവുന്നതാണ്. സാഹിത്യസൃഷ്ടിക്കകത്ത് സൗന്ദര്യശാസ്ത്ര പരമായി ആവിഷ്കരിക്കപ്പെട്ടതും അന്തര്യാമിയുമായ സ്ഥലകാലങ്ങളുടെ പരസ്പരബന്ധമാണ് ക്രോണോടോപ്പ്. അമൂർത്തമായ കാലത്തെ മൂർത്ത മാക്കുന്ന പ്രക്രിയയാണ് എഴുത്ത് എന്ന് പറയാം. സാഹിത്യത്തിലെ സ്ഥ ലമാകട്ടെ കാലം, ആഖ്യാനകം, ചരിത്രം എന്നിവയോട് പ്രതികരിക്കുന്ന ഒന്നാണ്. ഒരു പക്ഷേ രാമനുണ്ണി ഈ നോവലിൽ ഇതിഹാസങ്ങളിലും മറ്റും കാണുന്ന ക്രോണോടോപ്പിനെ അനുകരിക്കാനാണ് ശ്രമിക്കുന്നത്. റിയലിസ്റ്റ് നോവലുകൾ സാമാന്യമായി ചരിത്രകാലത്തെ പിൻപറ്റാൻ ശ്രമിക്കുമ്പോൾ ഇവിടെ നോവലിസ്റ്റ് ഇതിഹാസകാലത്തെ പിന്തുടരാ നാണ് ശ്രമിക്കുന്നത്. ചരിത്രകാലം തിരശ്ചീനമാണെങ്കിൽ ഇതിഹാസ കാലം ലംബതലത്തിലാണ് പ്രവർത്തിക്കുന്നതെന്ന് കാണാം. എന്നാൽ ഇതിനർത്ഥം രാമനുണ്ണി ഇതിഹാസകാലത്തെ കേവലമായി പുനഃസൃഷ്ടി ക്കുന്നുവെന്നല്ല. ഇതിഹാസത്തിലേതുപോലെ ഏകകാലികതയുടെ പ്രതീതി ജനിപ്പിക്കുമ്പോഴും അത് ചിതറിത്തെറിച്ചുനിൽക്കുന്ന കാലഘട്ട ങ്ങളെത്തന്നെയാണ് ആഖ്യാനകത്തിലേക്ക് ഉൾച്ചേർക്കുന്നത്. എല്ലാമറി യാവുന്ന ദൈവാവതാരത്തിന്റേയും ദൈവദൂതന്റേയും കാഴ്ചയിലൂടെ സംഭവങ്ങൾ ചുരുളഴിയുന്നതുകൊണ്ട് അനുഭവപ്പെടുന്ന കാലപരമായ ഐക്യം ഒരു പ്രതീതി മാത്രമാണ്. അതായത് ഇതിഹാസത്തിന്റെ പ്രതീ തി ജനിപ്പിച്ചുകൊണ്ട് നോവലിസ്റ്റ് ചരിത്രം പറയുകയാണ് ചെയ്യുന്നതെന്ന് ചുരുക്കം. ഇതിഹാസങ്ങളിലെ ഏകകാലികത ശ്രേണീബദ്ധമായി പരി ശോധിച്ചാൽ നമ്മുടേതിനേക്കാൾ ഉയർന്നതും കേവലവുമാണെന്ന് കാ ണാം. അതിന് ദേശബന്ധങ്ങളുമുണ്ട്. ഇതിഹാസത്തിലെ നായകൻ സ്ഥലകാലങ്ങൾക്കകത്തല്ല, അർത്ഥത്തിനും മൂല്യത്തിനും ഇടയിലാണ് ചുറ്റിക്കറങ്ങുന്നത്. എന്നാൽ അർത്ഥപരമായ യാതൊരൈക്യവും നോവ ലിലെ കഥാപാത്രത്തിനില്ല. യഥാർത്ഥത്തിൽ ആരാണ് ഈ നോവലിലെ നായകൻ? എന്ന ചോദ്യത്തിന് ഉത്തരമൊന്നും പറയാനാവില്ല. ഒരുതര ത്തിൽപ്പറഞ്ഞാൽ എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്ന, കാല ത്തിന്റെ സാക്ഷിയായ ഒരു ക്യാമറയാണ് ഇതിലെ കേന്ദ്രകഥാപാത്രം. അതുകൊണ്ട് ഈ നോവലിനെ നീട്ടാനോ കുറുക്കാനോ പ്രയാസമില്ല. ഇതിഹാസത്തിൽനിന്ന് ഭിന്നമായി ഏതൊരാധുനിക നോവലിലുമെന്ന പോലെ അർത്ഥങ്ങളും മൂല്യങ്ങളും അവയുടെ ബഹുത്വത്തോടെ/ വൈ വിദ്ധ്യങ്ങളോടെ ദൈവത്തിന്റെ പുസ്തകത്തിലും കടന്നുവരുന്നു. നോവ ലെന്നത് ആയിത്തീർന്ന ഒന്നല്ല. അത് ആയിക്കൊണ്ടിരിക്കുന്ന ഒന്നാണ്. ഇതാണ് ഇതിഹാസവും നോവലും തമ്മിലുള്ള വ്യത്യാസം. ആക്ഷേപ

ഹാസ്യമാണ് നോവലിന്റെ സാമാന്യസ്വഭാവം. അത് ഒരേ സമയം എഴുത്തുകാരന്റേയും വായനക്കാരന്റേയും നേരെ ചൂണ്ടിനിൽക്കുന്ന ഒരു വിരലാണ്. ഈ സവിശേഷതകളെല്ലാം ദൈവത്തിന്റെ പുസ്തകത്തിലും കാണാം. നോവലിന്റെ രൂപത്തിലും അതിന്റെ സത്തയിലും പ്രതീതിപരതയുണ്ട്. നഷ്ടപ്പെട്ട സമഗ്രരൂപത്തെക്കുറിച്ചുള്ള ഒരു സങ്കൽപ്പവും നോവൽ സൂക്ഷിക്കുന്നില്ല. അതുകൊണ്ട് ദൈവത്തിന്റെ പുസ്തകം എന്ന നോവലിന്റെ ഇതിഹാസസ്വരൂപം ഒരു പ്രതീതി മാത്രമാണ്. നോവലിന്റെ സ്മൃതിമണ്ഡലത്തിന് ഏതൊരു ക്രോണോടോപ്പിനേയും പുനരുദ്ധരിക്കാനുള്ള ശേഷിയുണ്ട്. നോവലിന്റെ പ്രാഗ്രൂപം ഇതിഹാസകാവ്യമല്ല ജീവചരിത്രമാണെന്ന് മിഖായേൽ ബക്തിൻ പറയുന്നുണ്ട്. ദൈവത്തിന്റെ പുസ്തകം പ്രവാചകനായ നബിതിരുമേനിയുടെ ജീവചരിത്രം ആഖ്യാനം ചെയ്യുന്നുണ്ട്.

ന' ശാസ്ത്രത്തേയും കലയേയും പരസ്പരം ബന്ധിപ്പിക്കുന്ന ഒരേയൊരു വിചാരമാതൃക ക്രോണോടോപ്പാണെന്ന് പറയാം. ഐൻസ്റ്റീന്റെ ആപേക്ഷികതാ സിദ്ധാന്തം സ്ഥലകാലങ്ങൾ തമ്മിലുള്ള ബന്ധത്തെക്കുറിച്ചുള്ള നമ്മുടെ ധാരണയെ തിരുത്തിക്കുറിക്കാൻ പര്യാപ്തമായി. ശാസ്ത്രവും കലയും പൊതുവായി പങ്കുവെക്കുന്ന ഈ സങ്കേതമാണ് രാമനുണ്ണിയുടെ നോവലും വിഷയമാക്കുന്നത്. ആധുനികശാസ്ത്രം ഗ്രാവിറ്റേഷണൽ തരംഗങ്ങളെ തിരിച്ചറിയാനും തമോഗർത്തങ്ങളെക്കുറിച്ചും അതുവഴി പ്രപഞ്ചോൽപ്പത്തിയെക്കുറിച്ചും ചിലതെല്ലാം പ്രവചിക്കാനും പ്രാപ്തിനേടിയിരിക്കുന്നു. ഈ പരീക്ഷണങ്ങളെ പരിചയപ്പെടുത്തിക്കൊണ്ടും അവയെ മിത്തിക്കൽ ഭാവനയുമായി ചേർത്തുവെച്ചുകൊണ്ടുമാണ് നോവലിസ്റ്റ് സവിശേഷമായ ഒരു പ്രപഞ്ചബോധം അവതരിപ്പിക്കുന്നത്. മനുഷ്യന്റെ ചരിത്രവും പ്രകൃതിയുടെ ചരിത്രവും പരസ്പരം കൂട്ടിയിണക്കാനുള്ള ശ്രമമാണിത്. മിത്തുകൾ ഇവയെ പരസ്പരം വേർതിരിവില്ലാതെയാണ് അവതരിപ്പിക്കാറുള്ളത്. തമോഗർത്തങ്ങളെക്കുറിച്ചുള്ള അന്വേഷണങ്ങൾ ഭാവനാത്മകമായി ശാസ്ത്രത്തെ മിത്തുകളുമായി കൂട്ടിമുട്ടിക്കുന്നുണ്ട്. ഈ സംഗമസ്ഥാനത്തെയാണ് രാമനുണ്ണി തന്റെ ആഖ്യാനത്തിന്റെ ഉറവിടമായി മനസ്സിലാക്കിയിരിക്കുന്നത്. രാമനുണ്ണിയുടെ ക്രോണോടോപ്പ് ആഖ്യാനകത്തെ ഉൽപ്പാദിപ്പിക്കുന്ന കാര്യത്തിൽ പ്രജനനശേഷി കൂടിയ തരത്തിൽപ്പെട്ടതാണ്. ലോകത്തെ പല സ്ഥലങ്ങളേയും പല കാലങ്ങളേയും പരസ്പരം ഇണക്കാൻ കഥാകൃത്ത് കാണിക്കുന്ന സ്വാതന്ത്ര്യം ശ്രദ്ധേയമാണ്. അർജന്റീനയിൽ റോസിലിൻ ഹാൾ എന്ന വിധവ സാമ്പത്തിക മാന്ദ്യത്തിന്റെ കെടുതികൾ താങ്ങാനാവാതെ ഒരു കാറിലേക്ക് താമസം മാറ്റുന്ന അനുഭവം നോവലിൽ കടന്നു

വരുന്നുണ്ട്. അതേത്തുടർന്ന് മോസ്ക്കോയിൽ ജോലി തെറിച്ച ഐ.ടി. എൻജിനീയർ എഫ്ഗേനി പ്രിമക്കൊവിന് ഭ്രാന്തുപിടിക്കുന്ന കഥ വിവരിക്കുന്നു. തുടർന്ന് വിവരിക്കുന്നതാകട്ടെ പാരീസിലെ സെക്സ് ഷോപ്പ് വ്യാപാരിയായ റൊണാൾഡ് ക്ലിന്റന്റെ ലേഖനത്തിലെ വിവരങ്ങളാണ്.

നവമുതലാളിത്തത്തിന്റെ ഉൽപ്പാദനവ്യവസ്ഥയുമായി ഒരു രൂപാവലി സൃഷ്ടിക്കാൻ രാമനുണ്ണിയുടെ ആഖ്യാനശൈലി ഒരു ശ്രമം നടത്തുന്നുണ്ട്. മൂലധനം ഒഴുകിപ്പരക്കുന്നതുപോലെ അനുഭവങ്ങളും ഒഴുകിപ്പരക്കുന്നു. പണം ആധിപത്യം ചെലുത്താൻ തുടങ്ങിയതോടെ മനുഷ്യർ അപ്രസക്തമായിത്തീർന്നു. ഈ നോവലിൽ നായകനോ നായികയോ ഇല്ലാത്തത് അതുകൊണ്ടാണ്. ആരും നായകനല്ലാത്ത ഒരു ലോകം സംജാതമായിരിക്കുന്നു. ഇവിടെ പണം മാത്രമാണ് നായകൻ. കമ്പോളത്തിന്റെ തത്വം തന്നെ ആഖ്യാനത്തിന്റെ തത്വമായി വരുന്നിടത്താണ് ആഖ്യാനവും സാമൂഹ്യവ്യവസ്ഥയും തമ്മിൽ ഒരു രൂപാവലീബന്ധമുണ്ടെന്ന് നമുക്ക് അനുഭവപ്പെടുക. നായകരില്ലാത്ത ഈ നോവലിൽ നിരവധി വിലക്ഷണ ശരീരങ്ങൾ പ്രത്യക്ഷപ്പെടുന്നുണ്ട്. വിലക്ഷണശരീരങ്ങൾ സാമാന്യമായി നമ്മെ ചിരിപ്പിക്കുന്നവയാണ്. മധ്യകാല യൂറോപ്പിലെ കാർണിവലുകളിൽ വയറുന്തിയും പിൻഭാഗം വീർത്തുമുള്ള ചില രൂപങ്ങൾ ആളുകളെ ചിരിപ്പിച്ചുകൊണ്ട് ഘോഷയാത്രക്കൊപ്പം നടന്നിരുന്നതായി ബക്തിൻ പറയുന്നുണ്ട്. ഇത്തരം രൂപങ്ങൾ സാമൂഹ്യവിമർശനത്തിൽ വഹിച്ച പങ്ക് വളരെ വലുതാണ്. ചന്തയിലെ ഭാഷയും ഭരണകൂട ബാഹ്യമായ നിത്യജീവിത വ്യവഹാരങ്ങളുമാണ് കാർണിവലുകളെ ശ്രദ്ധേയമാക്കിയത്. രാമനുണ്ണിയുടെ നോവലിൽ ഭാഷയുടെ സ്ഥാനം ദൃശ്യങ്ങൾ ഏറ്റെടുത്തിരിക്കുന്നു. കാഴ്ചയുടെ പൂരമാണല്ലോ നമ്മുടെ കാലത്തെ ശ്രദ്ധേയമാക്കുന്നത്. വിലക്ഷണശരീരങ്ങളുടെ ബീഭൽസമായ കാഴ്ചയാണ് നവമുതലാളിത്തത്തിന്റെ കാലത്ത് നാം കാർണിവലായി അനുഭവിക്കുന്നത്. മുതലാളിത്തം അമിതമായ ക്രമത്തിലും യന്ത്രസമാനമായ ചലനങ്ങളിലും മുറുകെപ്പിടിക്കുമ്പോൾ ഈ വ്യവസ്ഥ ഉൽപ്പാദിപ്പിക്കുന്ന വിലക്ഷണശരീരങ്ങളുടെ ധാരാളിത്തം അതിശക്തമായ ആന്തരവിമർശനമാണ് ഉയർത്തുന്നത്. ചില ദൃഷ്ടാന്തങ്ങൾ നോക്കാം:

ഓഫീസ് ഹാളിൽ സ്ഥിതിചെയ്യുന്ന ജാസ്മിൻ-വിൻസെന്റ് ദ്രവ്യത്തെ കേശവനും മുഹമ്മദും ഒന്നുകൂടി ആഞ്ഞുനോക്കി. പെട്ടന്നതാ ക്രെഡിറ്റ്, ഡബിറ്റ്, വിസ കാർഡുകളാൽ ഭൂഷിതരായ അവരുടെ സുന്ദര വ്യക്തിത്വങ്ങൾക്കകത്തുനിന്ന് ഇളിഭ്യരായ മന്ദബുദ്ധികൾ ഇളിച്ചുകാട്ടുന്നു. വീണ്ടും ആഞ്ഞുനോക്കിയതും ഇളിഭ്യരായ മന്ദബുദ്ധികൾക്കകത്തുനിന്ന് നിസ്സഹായരായ ശിശുക്കൾ വാവിട്ട് കരയുന്നു. പിന്നേയും നോക്കിയതും നിസ്സ

ഹായരായ ശിശുക്കൾക്കകത്തുനിന്ന് പ്രാകൃതരായ ജന്തുക്കൾ അമറുന്നു. അമറുന്നു. അതേ വെറും ഇന്ദ്രിയചോദനകളും അതിനുള്ള പ്രതികരണങ്ങളും മാത്രമായ പ്രാഥമിക ജന്തുക്കൾ.

മറ്റൊരു ദൃഷ്ടാന്തം നോക്കാം: സ്കോട്ട്ലാന്റ് എന്നൊരു രാജ്യത്തായിരുന്നു ലോകത്തിൽ ഏറ്റവും കുറഞ്ഞ പ്രായത്തിൽ അതായത് ഏഴാംവയസ്സിൽ ഹാനിയെന്ന പെൺകുട്ടി ആദ്യമായി തിരണ്ടതും അച്ഛനമ്മമാർ ഭയാക്രാന്തരായി അലറിയതും. പിന്നെ ചരക്ക് നിർമ്മാണരാജ്യങ്ങൾ വിഷരാസകങ്ങൾ കയറ്റിയയക്കാൻ തുടങ്ങിയതോടെ ആറാം വയസ്സിൽ ലീന കൊളംബിയയിൽ തിരണ്ടു. അഞ്ചാംവയസ്സിൽ പൂജിത ചണ്ഡീഗഢിൽ തിരണ്ടു. നാലാംവയസ്സിൽ റഷീദ കോലാലംപൂരിൽ തിരണ്ടു. അവസാനം മൂന്നാം വയസ്സിൽ ജാക്കിള സാംബിയയിലെ ലൂസക്കയിൽ തീണ്ടാരിയാവുകയും മുലപ്പാൽ കുടിക്കാഞ്ഞിട്ടുകൂടി കുഞ്ഞിന്റെ വയർ വീർത്തുവരികയും ചെയ്തു. പത്താംമാസത്തിൽ മുഖത്ത് ലിംഗവും ആസനത്തിൽ കണ്ണുകളുമായി ജൈവതയെത്തന്നെ പുച്ഛിച്ചിറുമ്പുന്ന ഒരു സത്വത്തെ അവൾ പ്രസവിച്ചതും മാതാപിതാക്കൾ ആ മുറിയിൽത്തന്നെ കെട്ടിത്തൂങ്ങിച്ചത്തു. അരുതാത്തറിഞ്ഞ് എത്തിച്ചേർന്ന അയൽക്കാരും ഗോത്രമുഖ്യരും നെഞ്ച് കുത്തിക്കീറിയും കഴുത്തറുത്തും സ്വയം കൊല്ലാക്കൊല നടത്തി. ലൂസക്ക് മൊത്തം തീയിട്ടുകൊണ്ട് നഗരവാസികൾ എങ്ങോട്ടോ പലായനം ചെയ്തു) .തുടർന്നുള്ള ദിനങ്ങളിൽ പത്തുക്ക് ഒന്നെന്നനിലക്ക് വിവിധ രാജ്യങ്ങളിലെ ബാലകരുടെ ജനനേന്ദ്രിയങ്ങൾ ഉൾവലിഞ്ഞുപോയി. തുടകളിലൂടെ മൂത്രമൊലിപ്പിച്ചുകൊണ്ടവർ ഷണ്ഡൻമാരുടെ കുലപ്പെരുമക്ക് ആക്കം കൂട്ടി.

ചരക്കുകളുടെ ആധിപത്യം നിലനിൽക്കുന്ന ലോകത്ത് വിനിമയ മൂല്യത്തിന് വെളിയിൽവരുന്നതെല്ലാം മാലിന്യങ്ങളാണ്. ചരക്കുകൾ നിയമത്തെ പിന്തുടരുമ്പോൾ മാലിന്യം നിയമത്തെ ലംഘിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടാണ് മാലിന്യം ഈ നോവലിൽ വിലക്ഷണ ശരീരമായി വ്യവസ്ഥയെ വെല്ലുവിളിക്കുന്നത്. ചരക്കും മാലിന്യവും തമ്മിലുള്ള സംഘർഷമാണ് ഈ നോവലിന്റെ കേന്ദ്രപ്രമേയം എന്ന് പറയാം. മാലിന്യം എന്നതിന് പല അർത്ഥങ്ങളുണ്ട്. കാലം പുറന്തള്ളിയതിനെ മുതലാളിത്തം മാലിന്യമായാണ് പരിഗണിക്കുന്നത്. അതുകൊണ്ട് കൃഷ്ണന്റെ പുരാവൃത്തവും നബിയുടെ ചരിതവും മുതലാളിത്തലോകത്തിന് മാലിന്യമാണ്. എന്നാൽ ഈ മാലിന്യത്തിൽനിന്നാണ് പുതിയകാലത്തിന്റെ തിരുത്തൽ ശക്തി ഉയർന്നുവരേണ്ടത്. ഒരർത്ഥത്തിൽ ചരിത്രത്തിന്റെ ഒരു റീസൈക്കിളിങ് പ്രോസസ്സ് ആവശ്യമായി വന്നിരിക്കുന്നുവെന്ന് പറയാം. അതാണ് നോവലിന്റെ സന്ദേശം.

രാമനുണ്ണിയുടെ ആഖ്യാനത്തിന്റെ ക്രോണോടോപിക് ഊർജ്ജം എവിടെനിന്നാണ് വരുന്നത് എന്നതും പ്രസക്തമായ കാര്യമാണ്. വാക്കുകളുടേയും പ്രയോഗങ്ങളുടേയും അപകേന്ദ്രബലത്തെ പ്രകരണങ്ങളുടെ അഭികേന്ദ്രബലത്തിന് കീഴ്പ്പെടുത്തുന്നതിലെ സംഘർഷമാണ് നോവലിന്റെ ശക്തി. വിലക്ഷണശരീരങ്ങളുടെ കാർണിവൽ കാഴ്ചക്ക് ഉതകുന്ന തരത്തിലുള്ള ഒരുതരം പരുക്കൻഭാഷ തന്നെയാണ് ഈ നോവലിന്റെ ഊർജ്ജമായി മാറുന്നത്. ചിതറിത്തെറിച്ച സ്ഥലങ്ങളും കാലവും എന്നാൽ അവയെയെല്ലാം ഇണക്കിനിർത്തുന്ന മുതലാളിത്തത്തിന്റെ ലാഭക്കൊതിയും മനുഷ്യചരിത്രം കടന്നുവന്ന കാരുണ്യത്തിന്റേയും ധാർമ്മികതയുടേയും ഭൂതകാലവും. ഇതാണ് ഈ നോവലിന്റെ ഒരു സാമാന്യഘടന. പലപ്പോഴും ഭയപ്പെടുത്താൻ ശേഷിയുള്ള അനേകം ഇമേജുകളിലൂടെ മുന്നേറുന്ന ആഖ്യാനത്തെ പരസ്പരം ബന്ധിപ്പിക്കുന്ന സൂത്രം (നൂല്) കൊടിയ നിരാശാബോധമാണ്. നബിഭാഗം എന്ന മൂന്നാമധ്യായം മനുഷ്യസാധ്യമായ ഏറ്റവും ഉദാത്തവും തീക്ഷ്ണവുമായ ജീവിതത്തെ പരിചയപ്പെടുത്തുമ്പോൾ അവസാന അധ്യായം എല്ലാം തകർന്നുപോയ ഒരു മഹാദുരന്തത്തിന്റെ ചിത്രം വരച്ചുകാട്ടുന്നു. ഈ വൈരുദ്ധ്യമാണ് നോവലിന്റെ ഊർജ്ജം എന്ന് പറയാം. ഗർഭസ്ഥശിശുവായിരിക്കുമ്പോൾ തന്റെ മാതാവിന് താൻ കാരണം വേദനിക്കുമല്ലോ എന്ന് ആധിപ്പെടുന്ന നബി തിരുമേനിയേയാണ് ഈ നോവലിൽ നാം കാണുന്നത്. അവിടെനിന്ന് തുടങ്ങി അവസാന നിമിഷംവരെ പ്രവാചകൻ നമ്മെ പഠിപ്പിച്ചത് ഒറ്റ പാഠമാണ്. കാരുണ്യമാണ് ഏറ്റവും മഹത്തായ മൂല്യം. കാരുണ്യത്തിന്റെ വൻകടൽ മനുഷ്യഹൃദയങ്ങളിൽ ഇരമ്പുന്നുണ്ട്. പക്ഷെ അതിന്റെ പ്രവാഹത്തെ തടുത്തുനിർത്തുന്ന ചില പ്രതിലോമശക്തികളുണ്ട്. ഉറവയെ തടുത്തുനിർത്തുന്ന പാറക്കല്ലുകൾപോലെ എന്തോ ഒന്ന്. അത് പറിച്ചെറിയാൻ നമുക്ക് കഴിയണം. ഇത് പ്രതീകാത്മകമായി നോവലിൽ വിവരിക്കുന്നുണ്ട്. സ്വന്തത്തെക്കുറിച്ചും സ്വത്വത്തെക്കുറിച്ചുമുള്ള അഹന്ത മലക്കുകൾ കൊച്ചുറസൂലിൽനിന്ന് പറിച്ചെടുത്ത കഥയാണത് (പു. 248-49). പിന്നീടങ്ങോട്ട് മുഹമ്മദിന്റെ സാമൂഹ്യജീവിതത്തിൽ വലിയ മാറ്റങ്ങളാണുണ്ടാകുന്നത്. ഇങ്ങോട്ടു കിട്ടുമ്പോഴുള്ളതിനേക്കാൾ അങ്ങോട്ടുകൊടുക്കുമ്പോൾ മനസ്സ് നിറയുന്ന മുഹമ്മദിൽ എല്ലാറ്റിനോടും സമഭാവന സൂക്ഷിക്കുന്ന ഒരു പിതാവിന്റെ/ത്യാഗിയുടെ ജീവിതദർശനം വളർന്നുവരുന്നുണ്ട്. കാരുണ്യത്തിന്റെ മഹത്വത്തെ ജീവിതത്തിന്റെ ഓരോ സന്ദർഭത്തിലും തന്റെ അനുചരൻമാരെ ഓർമ്മപ്പെടുത്താൻ പ്രവാചകൻ ശ്രമിച്ചതായിക്കാണാം. സ്വന്തം അസഹിഷ്ണുതയോടുള്ള ഒടുങ്ങാത്ത യുദ്ധത്തെക്കുറിച്ചാണ് റസൂൽ അവരോട് എപ്പോഴും പറഞ്ഞുകൊ

രാമനുണ്ണിയുടെ ആഖ്യാനത്തിന്റെ ക്രോണോടോപിക് ഊർജ്ജം എവിടെനിന്നാണ് വരുന്നത് എന്നതും പ്രസക്തമായ കാര്യമാണ്. വാക്കുകളുടേയും പ്രയോഗങ്ങളുടേയും അപകേന്ദ്രബലത്തെ പ്രകരണങ്ങളുടെ അഭികേന്ദ്രബലത്തിന് കീഴ്പ്പെടുത്തുന്നതിലെ സംഘർഷമാണ് നോവലിന്റെ ശക്തി. വിലക്ഷണശരീരങ്ങളുടെ കാർണിവൽ കാഴ്ചക്ക് ഉതകുന്ന തരത്തിലുള്ള ഒരുതരം പരുക്കൻഭാഷ തന്നെയാണ് ഈ നോവലിന്റെ ഊർജ്ജമായി മാറുന്നത്. ചിതറിത്തെറിച്ച സ്ഥലങ്ങളും കാലവും എന്നാൽ അവയെയെല്ലാം ഇണക്കിനിർത്തുന്ന മുതലാളിത്തത്തിന്റെ ലാഭക്കൊതിയും മനുഷ്യചരിത്രം കടന്നുവന്ന കാരുണ്യത്തിന്റേയും ധാർമ്മികതയുടേയും ഭൂതകാലവും. ഇതാണ് ഈ നോവലിന്റെ ഒരു സാമാന്യഘടന. പലപ്പോഴും ഭയപ്പെടുത്താൻ ശേഷിയുള്ള അനേകം ഇമേജുകളിലൂടെ മുന്നേറുന്ന ആഖ്യാനത്തെ പരസ്പരം ബന്ധിപ്പിക്കുന്ന സൂത്രം (നൂല്) കൊടിയ നിരാശാബോധമാണ്. നബിഭാഗം എന്ന മൂന്നാമധ്യായം മനുഷ്യസാധ്യമായ ഏറ്റവും ഉദാത്തവും തീക്ഷ്ണവുമായ ജീവിതത്തെ പരിചയപ്പെടുത്തുമ്പോൾ അവസാന അധ്യായം എല്ലാം തകർന്നുപോയ ഒരു മഹാദുരന്തത്തിന്റെ ചിത്രം വരച്ചുകാട്ടുന്നു. ഈ വൈരുദ്ധ്യമാണ് നോവലിന്റെ ഊർജ്ജം എന്ന് പറയാം. ഗർഭസ്ഥശിശുവായിരിക്കുമ്പോൾ തന്റെ മാതാവിന് താൻ കാരണം വേദനിക്കുമല്ലോ എന്ന് ആധിപ്പെടുന്ന നബി തിരുമേനിയേയാണ് ഈ നോവലിൽ നാം കാണുന്നത്. അവിടെനിന്ന് തുടങ്ങി അവസാന നിമിഷംവരെ പ്രവാചകൻ നമ്മെ പഠിപ്പിച്ചത് ഒറ്റ പാഠമാണ്. കാരുണ്യമാണ് ഏറ്റവും മഹത്തായ മൂല്യം. കാരുണ്യത്തിന്റെ വൻകടൽ മനുഷ്യഹൃദയങ്ങളിൽ ഇരമ്പുന്നുണ്ട്. പക്ഷെ അതിന്റെ പ്രവാഹത്തെ തടുത്തുനിർത്തുന്ന ചില പ്രതിലോമശക്തികളുണ്ട്. ഉറവയെ തടുത്തുനിർത്തുന്ന പാറക്കല്ലുകൾപോലെ എന്തോ ഒന്ന്. അത് പറിച്ചെറിയാൻ നമുക്ക് കഴിയണം. ഇത് പ്രതീകാത്മകമായി നോവലിൽ വിവരിക്കുന്നുണ്ട്. സ്വന്തത്തെക്കുറിച്ചും സ്വത്വത്തെക്കുറിച്ചുമുള്ള അഹന്ത മലക്കുകൾ കൊച്ചുറസൂലിൽനിന്ന് പറിച്ചെടുത്ത കഥയാണത് (പു. 248-49). പിന്നീടങ്ങോട്ട് മുഹമ്മദിന്റെ സാമൂഹ്യജീവിതത്തിൽ വലിയ മാറ്റങ്ങളാണുണ്ടാകുന്നത്. ഇങ്ങോട്ടു കിട്ടുമ്പോഴുള്ളതിനേക്കാൾ അങ്ങോട്ടുകൊടുക്കുമ്പോൾ മനസ്സ് നിറയുന്ന മുഹമ്മദിൽ എല്ലാറ്റിനോടും സമഭാവന സൂക്ഷിക്കുന്ന ഒരു പിതാവിന്റെ/ത്യാഗിയുടെ ജീവിതദർശനം വളർന്നുവരുന്നുണ്ട്. കാരുണ്യത്തിന്റെ മഹത്വത്തെ ജീവിതത്തിന്റെ ഓരോ സന്ദർഭത്തിലും തന്റെ അനുചരൻമാരെ ഓർമ്മപ്പെടുത്താൻ പ്രവാചകൻ ശ്രമിച്ചതായിക്കാണാം. സ്വന്തം അസഹിഷ്ണുതയോടുള്ള ഒടുങ്ങാത്ത യുദ്ധത്തെക്കുറിച്ചാണ് റസൂൽ അവരോട് എപ്പോഴും പറഞ്ഞുകൊ

ണ്ടിരുന്നത് (പു.426).

ഈ നോവൽ വായിക്കുമ്പോൾ മുമ്പ് വായിച്ച പല നോവലുകളും നമുക്ക് ചാരെ ഒഴുകിയെത്തുന്നതായ ഒരനുഭവം ഉണ്ടാകും. കാമുവിന്റേയും കാഫ്കയുടേയും നോവലുകളോടൊപ്പം വിജയന്റെ ധർമ്മപുരാണവും ടി. ഡി. രാമകൃഷ്ണനെപ്പോലുള്ള സമകാല നോവലിസ്റ്റുകളുടെ രചനകളും ചുറ്റുംവന്ന് നിരന്നുനിൽക്കുന്നതുപോലെ. ഇതിനർത്ഥം ഈ നോവലുകളെയെല്ലാം ബന്ധിപ്പിക്കുന്ന ജാനുഷികമായ ചില ക്രോണോടോപ്പുകളുണ്ട് എന്നാണ്. ചരിത്രം, ശാസ്ത്രവിജ്ഞാനം, ദർശനം എന്നിവയിലൂടെ കേറിയും മറിഞ്ഞും നീങ്ങുന്ന നോവൽ രചന ആധുനികനോവൽ സങ്കേതങ്ങളെ പലതരത്തിൽ സാധൂകരിക്കുന്നുണ്ട്. നമ്മുടെ നാടോടിക്കഥകളിലും മറ്റും കാണുന്ന തരത്തിലുള്ള ഭാവ്യുൻമുഖ ക്രോണോടോപ്പ് ഈ നോവലിലില്ല. സാമാന്യമായി അത് ആധുനിക നോവലുകളുടെ രീതിയല്ല. ആധുനിക നോവലുകൾ സംവാദാത്മകമായ ക്രോണോടോപ്പായാണ് പ്രവർത്തിക്കുന്നത്. അതായത് സംഘർഷങ്ങളെ പരിഹരിക്കുകയല്ല അവ സംഘർഷങ്ങളുടെ ഒരു ജാലിക തീർക്കുകയാണ് ചെയ്യുന്നത്. ഈ നോവലും അതേവിധം അനേക സംഘർഷങ്ങളുടെ ഒരു ജാലികയാണ്. ഒറ്റ ഉത്തരത്തിൽ ഇത് അവസാനിക്കുന്നതേയില്ല. ദൈവത്തിന്റെ അവതാരമായി കണക്കാക്കുന്ന കൃഷ്ണനും ദൈവത്തിന്റെ അനുഗ്രഹം ലഭിച്ച റസൂലും ഈ നോവലിൽ ഭൂതകാല കഥാപാത്രങ്ങളായാണ് കടന്നുവരുന്നത്. വർത്തമാനകാലത്ത് അവരുടെ ജീവിതത്തിൽ കറാമത്തുകളോ അൽഭുതങ്ങളോ സംഭവിക്കുന്നില്ല. അവർ എല്ലാറ്റിന്റേയും സാക്ഷികൾ മാത്രമാണ്. എന്താണ് മനുഷ്യകുലത്തിന്റെ ഭാവി എന്ന ചോദ്യത്തിന് ഈ നോവലിന്റെ അവസാനപുറം മിത്തിക്കലായ ഒരു മറുപടി നൽകുന്നുണ്ട്. ഈ ഭാവനയിൽ സമയം അളവില്ലാത്തതാണെന്നും സ്ഥലം കഴുകിയെടുത്തതും നീലദ്യുതിയിൽ കുളിച്ചുനിൽക്കുന്നതുമായ ഭൂമിയാണെന്നുമുള്ള സൂചന നൽകുന്നുണ്ട്. അഭൗമമായ സ്ഥലകാല സൂചനകളിലാണ് കഥ തീരുന്നത്. ഇത് മിത്തിക്കൽ ക്രോണോടോപ്പാണ്. പത്രവാർത്തകളെപ്പോലും ഈ നോവലിന്റെ രചനയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. പത്രവാർത്തകൾ മൈക്രോ ക്രോണോടോപ്പാണ്. അതായത് നിയതമായ സ്ഥല-കാല ബന്ധങ്ങൾക്കകത്ത് നടക്കുന്ന സംഭവങ്ങളാണ് പത്രവാർത്തകൾക്കാധാരം. എന്നാൽ മിത്തിലാകട്ടെ സ്ഥല-കാലമുക്തമായ ഭാവനയാണ് പ്രവർത്തിക്കുന്നത്. മൈക്രോ ക്രോണോടോപ്പിൽ നിന്ന് മിത്തിക്കൽ ക്രോണൊടോപ്പിലേക്കുള്ള ഈ ഗതി മനുഷ്യമോചനത്തെക്കുറിച്ചുള്ള ഉദാത്തമായ ബാവനതന്നെയാണ് അവതരിപ്പിക്കുന്നത്.

ണ്ടിരുന്നത് (പു.426).

ഈ നോവൽ വായിക്കുമ്പോൾ മുമ്പ് വായിച്ച പല നോവലുകളും നമുക്ക് ചാരെ ഒഴുകിയെത്തുന്നതായ ഒരനുഭവം ഉണ്ടാകും. കാമുവിന്റേയും കാഫ്ക്കയുടേയും നോവലുകളോടൊപ്പം വിജയന്റെ ധർമ്മപുരാണവും ടി. ഡി. രാമകൃഷ്ണനെപ്പോലുള്ള സമകാല നോവലിസ്റ്റുകളുടെ രചനകളും ചുറ്റുംവന്ന് നിരന്നുനിൽക്കുന്നതുപോലെ. ഇതിനർത്ഥം ഈ നോവലുകളെയെല്ലാം ബന്ധിപ്പിക്കുന്ന ജാനുഷികമായ ചില ക്രോണോടോപ്പുകളുണ്ട് എന്നാണ്. ചരിത്രം, ശാസ്ത്രവിജ്ഞാനം, ദർശനം എന്നിവയിലൂടെ കേറിയും മറിഞ്ഞും നീങ്ങുന്ന നോവൽ രചന ആധുനികനോവൽ സങ്കേതങ്ങളെ പലതരത്തിൽ സാധൂകരിക്കുന്നുണ്ട്. നമ്മുടെ നാടോടിക്കഥകളിലും മറ്റും കാണുന്ന തരത്തിലുള്ള ഭാവ്യുൻമുഖ ക്രോണോടോപ്പ് ഈ നോവലിലില്ല. സാമാന്യമായി അത് ആധുനിക നോവലുകളുടെ രീതിയല്ല. ആധുനിക നോവലുകൾ സംവാദാത്മകമായ ക്രോണോടോപ്പായാണ് പ്രവർത്തിക്കുന്നത്. അതായത് സംഘർഷങ്ങളെ പരിഹരിക്കുകയല്ല അവ സംഘർഷങ്ങളുടെ ഒരു ജാലിക തീർക്കുകയാണ് ചെയ്യുന്നത്. ഈ നോവലും അതേവിധം അനേക സംഘർഷങ്ങളുടെ ഒരു ജാലികയാണ്. ഒറ്റ ഉത്തരത്തിൽ ഇത് അവസാനിക്കുന്നതേയില്ല. ദൈവത്തിന്റെ അവതാരമായി കണക്കാക്കുന്ന കൃഷ്ണനും ദൈവത്തിന്റെ അനുഗ്രഹം ലഭിച്ച റസൂലും ഈ നോവലിൽ ഭൂതകാല കഥാപാത്രങ്ങളായാണ് കടന്നുവരുന്നത്. വർത്തമാനകാലത്ത് അവരുടെ ജീവിതത്തിൽ കറാമത്തുകളോ അൽഭുതങ്ങളോ സംഭവിക്കുന്നില്ല. അവർ എല്ലാറ്റിന്റേയും സാക്ഷികൾ മാത്രമാണ്. എന്താണ് മനുഷ്യകുലത്തിന്റെ ഭാവി എന്ന ചോദ്യത്തിന് ഈ നോവലിന്റെ അവസാനപുറം മിത്തിക്കലായ ഒരു മറുപടി നൽകുന്നുണ്ട്. ഈ ഭാവനയിൽ സമയം അളവില്ലാത്തതാണെന്നും സ്ഥലം കഴുകിയെടുത്തതും നീലദ്യുതിയിൽ കുളിച്ചുനിൽക്കുന്നതുമായ ഭൂമിയാണെന്നുമുള്ള സൂചന നൽകുന്നുണ്ട്. അഭൗമമായ സ്ഥലകാല സൂചനകളിലാണ് കഥ തീരുന്നത്. ഇത് മിത്തിക്കൽ ക്രോണോടോപ്പാണ്. പത്രവാർത്തകളെപ്പോലും ഈ നോവലിന്റെ രചനയിൽ ഉപയോഗപ്പെടുത്തുന്നുണ്ട്. പത്രവാർത്തകൾ മൈക്രോ ക്രോണോടോപ്പാണ്. അതായത് നിയതമായ സ്ഥല-കാല ബന്ധങ്ങൾക്കകത്ത് നടക്കുന്ന സംഭവങ്ങളാണ് പത്രവാർത്തകൾക്കാധാരം. എന്നാൽ മിത്തിലാകട്ടെ സ്ഥല-കാലമുക്തമായ ഭാവനയാണ് പ്രവർത്തിക്കുന്നത്. മൈക്രോ ക്രോണോടോപ്പിൽ നിന്ന് മിത്തിക്കൽ ക്രോണൊടോപ്പിലേക്കുള്ള ഈ ഗതി മനുഷ്യമോചനത്തെക്കുറിച്ചുള്ള ഉദാത്തമായ ബാവനതന്നെയാണ് അവതരിപ്പിക്കുന്നത്.

**യന്ത്രം എന്ന ദേവത**

ഉൽപ്പാദനത്തെ സഹായിക്കുന്നവ എന്നതിലേറെ സമൂഹത്തെ നിയന്ത്രിക്കുന്നവയായി സാങ്കേതികവിദ്യകൾ മാറിയിരിക്കുന്നു. സാങ്കേതികവിദ്യക്ക് മനുഷ്യനെ മോചിപ്പിക്കാനാവും അതേസമയം അതിന് മനുഷ്യരെ അടിമകളാക്കാനും കഴിയും. മനുഷ്യർക്ക് സമൃദ്ധിയുണ്ടാക്കിക്കൊടുക്കാനുള്ള ശേഷി സാങ്കേതികവിദ്യക്കുണ്ട്. അതേസമയം മനുഷ്യരെ ഇല്ലായ്മയിലേക്ക് തള്ളിയിടാനും അതേ സാങ്കേതികവിദ്യയുടെ പ്രയോഗം മതി. ഹിറ്റ്ലറുടെ ജർമ്മനി തന്നെയായിരുന്നു ഇതിനുള്ള ഏറ്റവും തികഞ്ഞ ദൃഷ്ടാന്തം. സമഗ്രാധിപത്യത്തിനും ചൂഷണത്തിനുംവേണ്ടിയാണ് ഹിറ്റ്ലർ സാങ്കേതികവിദ്യ ഉപയോഗിച്ചത്. സാങ്കേതികവിദ്യക്ക് നൽകുന്ന അമിതമായ ഊന്നൽ പൊതുവായ ക്ഷേമം എന്ന സങ്കൽപ്പത്തെ അട്ടിമറിക്കുന്നു. അത് മനുഷ്യരേയും പ്രകൃതിയേയും ചൂഷണം ചെയ്യാനുള്ള ന്യായമായിത്തീരുന്നു. സാങ്കേതികവിദ്യയാണ് യുദ്ധങ്ങളെ സാധൂകരിക്കുന്നത്. പടക്കോപ്പുകൾ വിറ്റഴിക്കുന്നതിനായി യുദ്ധങ്ങൾ സൃഷ്ടിക്കപ്പെടുന്നു. അമിതമായ വ്യവസായവത്കരണം വ്യക്തിയുടെ ബോധത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന യുക്തിയെ ഉപകരണാത്മകയുക്തിയായി പരിവർത്തിപ്പിച്ചു. വ്യക്തികളുടെ കഴിവുകളും താൽപ്പര്യങ്ങളും നൈപുണ്യങ്ങളായി പരിവർത്തിപ്പിക്കപ്പെട്ടു. ഒരു യന്ത്രത്തിന്റെ ആവശ്യങ്ങൾക്കൊത്ത് പ്രതികരികരിക്കാൻ കഴിയുന്ന വ്യക്തിയാണ് കഴിവുള്ള വ്യക്തി എന്ന് അംഗീകരിക്കപ്പെട്ടു. യന്ത്രം തീരുമാനിച്ച തികവുകളെ പ്രാപിക്കുമ്പോഴാണ് ഒരു വ്യക്തി സ്വതന്ത്രമാകുന്നതെന്ന് വന്നു. വസ്തുനിഷ്ഠത എന്നത് യന്ത്രബന്ധിയായിത്തീർന്നു. യന്ത്രത്തിന്റെ അനുബന്ധമായി മനുഷ്യന്റെ അധ്വാനം നിർവ്വചിക്കപ്പെട്ടു. എല്ലാം മറ്റുള്ളവരാൽ തീരുമാനിക്കപ്പെട്ട ഒരു ലോകത്താണ് ഓരോ വ്യക്തിയും ജീവിക്കുന്നത്. യന്ത്രങ്ങൾ മനുഷ്യർക്കിടയിലെ മൽസരം വർധിപ്പിക്കുന്നു. മനുഷ്യബന്ധങ്ങൾക്കിടയിലെ മാധ്യസ്ഥിതികതയായി യന്ത്രം കടന്നുവരുന്നു. മനുഷ്യൻ രൂപകൽപ്പന ചെയ്യുന്ന വ്യവസ്ഥകളുടെയെല്ലാം മാനദണ്ഡം-സൗകര്യം, കാര്യക്ഷമത, സമഗ്രത എന്നിവ-നിർണ്ണയിക്കുന്നത് യന്ത്രങ്ങളാണ്. വിമർശനാത്മകചിന്തയെ അശക്തമാക്കുന്നതിൽ വ്യവസായികവ്യൂഹത്തിന്റെ വളർച്ചക്ക് വലിയ പങ്കുണ്ട്. വ്യവസായവ്യൂഹത്തിൽ ഇടപെടുന്നവർ സവിശേഷരീതിയിലുള്ള ആത്മനിയന്ത്രണത്തിന്റേയും ആത്മശിക്ഷണത്തിന്റേയും വഴി പിന്തുടരാൻ നിർബന്ധിക്കപ്പെടുന്നു. സാർവലൗകികമായ മാനകീകരണമാണ് ഉപകരണാത്മക യുക്തിയുടെ സവിശേഷത. ഇത് സ്വതന്ത്രവും വ്യക്തിതലത്തിൽ പ്രവർത്തിക്കുന്നതുമായ വിമർശനാത്മക യുക്തിയെ അപര്യാപ്തതാബോധംകൊണ്ട് പകരം

### യന്ത്രം എന്ന ദേവത

ഉൽപ്പാദനത്തെ സഹായിക്കുന്നവ എന്നതിലേറെ സമൂഹത്തെ നിയന്ത്രിക്കുന്നവയായി സാങ്കേതികവിദ്യകൾ മാറിയിരിക്കുന്നു. സാങ്കേതികവിദ്യക്ക് മനുഷ്യനെ മോചിപ്പിക്കാനാവും അതേസമയം അതിന് മനുഷ്യരെ അടിമകളാക്കാനും കഴിയും. മനുഷ്യർക്ക് സമൃദ്ധിയുണ്ടാക്കിക്കൊടുക്കാനുള്ള ശേഷി സാങ്കേതികവിദ്യക്കുണ്ട്. അതേസമയം മനുഷ്യരെ ഇല്ലായ്മയിലേക്ക് തള്ളിയിടാനും അതേ സാങ്കേതികവിദ്യയുടെ പ്രയോഗം മതി. ഹിറ്റ്ലറുടെ ജർമ്മനി തന്നെയായിരുന്നു ഇതിനുള്ള ഏറ്റവും തികഞ്ഞ ദൃഷ്ടാന്തം. സമഗ്രാധിപത്യത്തിനും ചൂഷണത്തിനുംവേണ്ടിയാണ് ഹിറ്റ്ലർ സാങ്കേതികവിദ്യ ഉപയോഗിച്ചത്. സാങ്കേതികവിദ്യക്ക് നൽകുന്ന അമിതമായ ഊന്നൽ പൊതുവായ ക്ഷേമം എന്ന സങ്കൽപ്പത്തെ അട്ടിമറിക്കുന്നു. അത് മനുഷ്യരേയും പ്രകൃതിയേയും ചൂഷണം ചെയ്യാനുള്ള ന്യായമായിത്തീരുന്നു. സാങ്കേതികവിദ്യയാണ് യുദ്ധങ്ങളെ സാധൂകരിക്കുന്നത്. പടക്കോപ്പുകൾ വിറ്റഴിക്കുന്നതിനായി യുദ്ധങ്ങൾ സൃഷ്ടിക്കപ്പെടുന്നു. അമിതമായ വ്യവസായവത്കരണം വ്യക്തിയുടെ ബോധത്തിൽ സ്വതന്ത്രമായി പ്രവർത്തിക്കുന്ന യുക്തിയെ ഉപകരണാത്മകയുക്തിയായി പരിവർത്തിപ്പിച്ചു. വ്യക്തികളുടെ കഴിവുകളും താൽപ്പര്യങ്ങളും നൈപുണ്യങ്ങളായി പരിവർത്തിപ്പിക്കപ്പെട്ടു. ഒരു യന്ത്രത്തിന്റെ ആവശ്യങ്ങൾക്കൊത്ത് പ്രതികരികരിക്കാൻ കഴിയുന്ന വ്യക്തിയാണ് കഴിവുള്ള വ്യക്തി എന്ന് അംഗീകരിക്കപ്പെട്ടു. യന്ത്രം തീരുമാനിച്ച തികവുകളെ പ്രാപിക്കുമ്പോഴാണ് ഒരു വ്യക്തി സ്വതന്ത്രമാകുന്നതെന്ന് വന്നു. വസ്തുനിഷ്ഠത എന്നത് യന്ത്രബന്ധിയായിത്തീർന്നു. യന്ത്രത്തിന്റെ അനുബന്ധമായി മനുഷ്യന്റെ അധ്വാനം നിർവ്വചിക്കപ്പെട്ടു. എല്ലാം മറ്റുള്ളവരാൽ തീരുമാനിക്കപ്പെട്ട ഒരു ലോകത്താണ് ഓരോ വ്യക്തിയും ജീവിക്കുന്നത്. യന്ത്രങ്ങൾ മനുഷ്യർക്കിടയിലെ മൽസരം വർധിപ്പിക്കുന്നു. മനുഷ്യബന്ധങ്ങൾക്കിടയിലെ മാധ്യസ്ഥിതികതയായി യന്ത്രം കടന്നുവരുന്നു. മനുഷ്യൻ രൂപകൽപ്പന ചെയ്യുന്ന വ്യവസ്ഥകളുടെയെല്ലാം മാനദണ്ഡം- സൗകര്യം, കാര്യക്ഷമത, സമഗ്രത എന്നിവ-നിർണ്ണയിക്കുന്നത് യന്ത്രങ്ങളാണ്. വിമർശനാത്മകചിന്തയെ അശക്തമാക്കുന്നതിൽ വ്യവസായികവ്യൂഹത്തിന്റെ വളർച്ചക്ക് വലിയ പങ്കുണ്ട്. വ്യവസായവ്യൂഹത്തിൽ ഇടപെടുന്നവർ സവിശേഷരീതിയിലുള്ള ആത്മനിയന്ത്രണത്തിന്റേയും ആത്മശിക്ഷണത്തിന്റേയും വഴി പിന്തുടരാൻ നിർബന്ധിക്കപ്പെടുന്നു. സാർവലൗകികമായ മാനകീകരണമാണ് ഉപകരണാത്മക യുക്തിയുടെ സവിശേഷത. ഇത് സ്വതന്ത്രവും വ്യക്തിതലത്തിൽ പ്രവർത്തിക്കുന്നതുമായ വിമർശനാത്മക യുക്തിയെ അപർഷതാബോധംകൊണ്ട് പകരം

വെക്കുന്നു. വ്യക്തികൾ ആൾക്കൂട്ടത്തിന്റെ ഭാഗമാകുന്നതോടെ സമുദായങ്ങൾ ഇല്ലാതായിത്തീരുന്നു. യന്ത്രവൽകൃതസമൂഹം എല്ലാത്തരം പ്രതിപക്ഷങ്ങളെയും സ്വന്തം ശരീരത്തിലേക്ക് സ്വാംശീകരിക്കുന്നു. അതോടെ വ്യക്തികൾ സ്വയം സംരക്ഷകരായി മാത്രം പ്രത്യക്ഷപ്പെടുന്നു. അവർക്ക് വേറിട്ട വ്യക്തിത്വമോ ചിന്താശേഷിയോ ഇല്ലാതാകുന്നു. അവരുടെ വ്യക്തിത്വം സാങ്കേതികമായ നൈപുണ്യത്താൽ പകരം വെക്കപ്പെടുന്നു. മാനകീകരിക്കപ്പെട്ട ആൾക്കൂട്ടത്തെ എളുപ്പത്തിൽ നിയന്ത്രിക്കാൻ കഴിയുന്നു. അത്തരത്തിൽ സംഘടിപ്പിക്കപ്പെട്ട ആൾക്കൂട്ടത്തിനകത്ത് വളർന്നുവരുന്ന എല്ലാ പ്രതിഷേധങ്ങളും തങ്ങൾക്കിടയിൽത്തന്നെയുള്ള ദുർബ്ബലർക്കെതിരെയുള്ള നീക്കമായി മാറുന്നത് കാണാം. ഈ ദുർബ്ബലരെ ശത്രുക്കളായും പുറത്തുനിന്ന് വന്നവരായും മുദ്രകുത്തുന്നു. ഇത് വംശഹത്യയിലേക്കും കൂട്ടക്കുരുതികളിലേക്കും നയിക്കുന്നു. യാന്ത്രികയുക്തിയാൽ നിർമ്മിക്കപ്പെട്ട ഒരാൾക്കൂട്ടത്തെ നയിക്കുന്നത് ആൾക്കൂട്ട ജനാധിപത്യമായിരിക്കും. ബ്യൂറോക്രസി അതിന്റെ അനിവാര്യഘടകമാണ്.

ദൈവത്തിന്റെ പുസ്തകം എന്ന നോവൽ യാന്ത്രികയുക്തിക്കെതിരേയുള്ള നിശിതമായ വിമർശനമാണ്. യന്ത്രങ്ങളാൽ ഭരിക്കപ്പെടുന്ന ഒരു ലോകത്ത് മനുഷ്യരും യന്ത്രങ്ങളായിത്തീരുന്നു. ശാസ്ത്രത്തിന്റെ കൗതുകങ്ങൾ എല്ലാവിധത്തിലുള്ള നൈതികതയേയും വെല്ലുവിളിച്ച് നാരകീയമായ അതിന്റെ ജൈത്രയാത്ര തുടരുകയാണ്.

നാസയുടെ ഔദ്യോഗിക പത്രക്കുറിപ്പിലൊന്നും പറയാത്തതായിരുന്നു അത്ലാന്റിസ് ഏഴിലെ ലേഡി അസ്ട്രോനറ്റിന്റെ യാനത്തിന്റെ ദൗത്യം. എന്നുവെച്ചാൽ രണ്ടുമാസം പ്രായമുള്ള ടെസ്റ്റ്റ്റ്യൂബ് ശിശുവിനെ ബഹിരാകാശത്തെത്തിച്ച് മൈക്രോ ഗ്രാവിറ്റി അവസ്ഥയിൽ സംഭവിക്കുന്ന വളർച്ചാവിശേഷങ്ങൾ സൂക്ഷ്മനിരീക്ഷണം നടത്തുക. അതോടൊപ്പം മെറ്റബോളിസത്തിന്റെ ഗതിവേഗങ്ങൾ പ്രചോദിപ്പിച്ച് ഒരു രാക്ഷസക്കുഞ്ഞിനെ സൃഷ്ടിക്കാനുള്ള സാദ്ധ്യത ആരായുക. ഫെറ്റസിന്റെ മൊത്തം രോഗപ്രതിരോധശക്തി സൂക്ഷ്മമായി പഠിക്കുക. (പു.16)

ശാസ്ത്രത്തിന്റെ നേട്ടങ്ങൾ രാക്ഷസക്കുഞ്ഞിനെ ജനിപ്പിക്കുന്നതിനായി എങ്ങനെ പ്രയോജനപ്പെടുത്താം എന്നതിലേക്കുവരെ എത്തിയിരിക്കുന്നു. പ്രകൃതിയിലെ അൽഭുതങ്ങളിലേക്ക് കണ്ണുതുറന്നിരിക്കുന്ന ശാസ്ത്രം യഥാർത്ഥത്തിൽ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ സ്വയംതിരുത്തി മുന്നേറുന്ന വ്യവഹാരരൂപമാണ്. വിവേകത്തോടെ, വിവേചനബുദ്ധിയോടെ നിർവ്വഹിക്കപ്പെടേണ്ട ശാസ്ത്രപരീക്ഷണങ്ങൾ മനുഷ്യപ്രകൃതത്തെത്തന്നെ നിഷേധിച്ചുകൊണ്ടാണ് മുന്നേറുന്നതെന്ന് ടെസ്റ്റ്യൂബ്

ശിശുവിനുമേലുള്ള ഈ പരീക്ഷണം വ്യക്തമാക്കുന്നു. ശാസ്ത്രത്തെയും സാങ്കേതികവിദ്യയേയും മൂലധനതാത്പര്യങ്ങൾ ഭരിക്കാനാരംഭിച്ചതോടെ അത് മനുഷ്യപ്രകൃതത്തെത്തന്നെ കാർന്നുനശിപ്പിക്കാൻ തുടങ്ങി. ആണവശക്തിയെ യുദ്ധത്തിനുപയോഗിക്കുമ്പോഴും ഊർജ്ജസ്രോതസ്സായി ഉപയോഗിക്കുമ്പോഴും മനുഷ്യരുടെ വിവേചനബുദ്ധി പ്രവർത്തിക്കണം. ആവശ്യമല്ലാതെ ആർത്തിയാണ് ശാസ്ത്രത്തിന്റെ മാതാവെങ്കിൽ അത് തീർച്ചയായും മനുഷ്യരേയും പ്രകൃതിയേയും ജീർണ്ണിപ്പിക്കും.

പണം മാത്രം ലക്ഷ്യമാക്കി സമൂഹത്തെ പ്രവർത്തിപ്പിക്കുന്ന യുക്തിയാണ് വലിയ ദുരന്തങ്ങൾക്കെല്ലാം കാരണമായത്. ഇതാണ് നേരത്തേ സൂചിപ്പിച്ച യാന്ത്രികയുക്തി. ഉപകരണത്തിന്റെ വിശ്വാസ്യത അത് എത്ര മാത്രം കൃത്യമായി അതിന്റെ ഏകലക്ഷ്യം പൂർത്തീകരിക്കും എന്നതാണ്. സമൂഹം ഒരു യന്ത്രമാകുന്നതോടെ അതും ഏക ലക്ഷ്യത്തിൽ പ്രവർത്തിക്കും. ആധുനികസമൂഹത്തിൽ ഈ ഏകലക്ഷ്യം ലാഭം മാത്രമാണെന്ന് കാണാം. അതോടെ മനുഷ്യപ്രകൃതത്തിനുതന്നെ വക്രീകരണം സംഭവിക്കുന്നു. ഒരു ഉദാഹരണം നോക്കാം: പേരുകേട്ട നാഷണൽ ബാങ്ക് ഓഫ് അമേരിക്ക ഷെയറുകളിലും സെക്യൂരിറ്റികളിലും നടത്തിയ ചില കള്ളക്കളികൾ കംട്രോളർ ഓഫ് കറൻസി കണ്ടുപിടിച്ചതായിരുന്നു എല്ലാറ്റിന്റേയും തുടക്കം. നേഷണൽ ബാങ്ക് ഓഫ് അമേരിക്ക ചെയർമാനെ കറൻസി കംട്രോളർ തന്റെ ഓഫീസിലേക്ക് വിളിച്ചുവരുത്തിയപ്പോൾ ഒരു ഉന്നതസ്ഥാനീയന്റെ പെരുമാറ്റത്തിനുപകരം ചന്തി മാന്തിയും മുഖം കോക്രിച്ചും അയാൾ കളിച്ചു. കാരണം പതിറ്റാണ്ടിൽ ആവർത്തിക്കാറുള്ള ബൈപോളാർ ഡിപ്രഷൻ കക്ഷിയെ ബാധിച്ച സമയമായിരുന്നു അത്. (പു.456)

അമേരിക്കയെ ബാധിച്ച സാമ്പത്തികമാന്ദ്യം എങ്ങനെയാണ് മനുഷ്യരെ അക്രമികളാക്കിയതെന്ന് നോവലിസ്റ്റ് വിശദീകരിക്കുന്നുണ്ട്. ലാഭം മാത്രം ലക്ഷ്യമാക്കിയ സമൂഹം ഒരു യാന്ത്രികസമൂഹമായി മാറിയതോടെ മനുഷ്യരിലുള്ള വ്യക്തിത്വത്തെ സാങ്കേതികനൈപുണ്യംകൊണ്ട് പകരം വെച്ചുവെന്ന കാര്യം നേരത്തേ സൂചിപ്പിച്ചുവല്ലോ? യന്ത്രങ്ങൾക്കനുബന്ധമായി വികസിപ്പിച്ചെടുത്ത മനുഷ്യശരീരങ്ങളെ പിന്നീടൊരിക്കൽ യന്ത്രങ്ങൾതന്നെ പുറന്തള്ളുമ്പോൾ ആ ശരീരങ്ങൾക്ക് അതിന്റെ പ്രാഗ്രൂപങ്ങളിലേക്ക് ഉൾവലിയേണ്ടിവരും. അതാണ് നേരത്തേ ഉദ്ധരിച്ച ഭാഗത്ത് നാം കാണുന്നത്. യാന്ത്രികയുക്തിയുടെ അടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ട ഒരു സമൂഹം അതിനകത്തെ ദുർബ്ബലരെ ശത്രുക്കളായാണ് കാണുന്നത്.

എന്താണ് മനുഷ്യപ്രകൃതം എന്ന അടിസ്ഥാനപരമായ ചോദ്യം ഇവിടെ പ്രസക്തമാണ്. മനുഷ്യൻ ഇടപെടാനും തന്റെ ചുറ്റുപാടിനെയും അതുവഴി തന്നെത്തന്നെയും മാറ്റാനും ശേഷിയുള്ള ജന്തുവാണ്. അതായത് സാമൂഹ്യപ്രക്രിയയുടെ വിഷയവും വിഷയിയുമാണ് മനുഷ്യൻ. അതുകൊണ്ടുതന്നെ മനുഷ്യപ്രകൃതം ചരിത്രപരമായി നിർണ്ണയിക്കപ്പെടുന്നുവെന്ന് കാണാൻ പ്രയാസമില്ല. മനുഷ്യർ പ്രകൃതിയുടെ ഉത്പന്നമല്ല ചരിത്രത്തിന്റെ ഉത്പന്നമാണെന്ന് മാർക്സ് സൂചിപ്പിച്ചത് അതുകൊണ്ടാണ്. മുതലാളിത്തത്തിന്റെ കാലത്ത് മനുഷ്യപ്രകൃതത്തിന് വന്നുചേർന്നിരിക്കുന്ന മഹാദുരന്തമാണ് ഈ നോവലിന്റെ കേന്ദ്രപ്രമേയം. മനുഷ്യർ യഥാർത്ഥത്തിൽ ആവശ്യങ്ങൾ മാത്രമുള്ള ജീവിയാണെന്നും പ്രകൃതിയുടെ ഉപഭോക്താക്കൾ മാത്രമാണെന്നുമുള്ള വാദം പ്രബലമാണ്. പണിയെടുക്കാനുള്ള മടി മനുഷ്യപ്രകൃതമാണെന്നും സിദ്ധാന്തിക്കുന്നവരുണ്ട്. എന്നാൽ പണിയെടുക്കുക എന്നതാണ് മനുഷ്യപ്രകൃതമെന്നും ആ പ്രകൃതത്തിൽനിന്ന് നമ്മെ അടർത്തിമാറ്റിയതും അധ്വാനത്തോട് വിമുഖത സൃഷ്ടിച്ചതും മുതലാളിത്തമാണെന്നും ഈ പുസ്തകം ഓർമ്മിപ്പിക്കുന്നുണ്ട്. അധ്വാനത്തിന്റെ ഏറ്റവും വലിയ സവിശേഷത അതിലുൾച്ചേർന്നിരിക്കുന്ന സർഗ്ഗാത്മകതയാണ്. ഈ സർഗ്ഗാത്മകതയെ ചോർത്തിക്കളയുന്നതോടെയാണ് അധ്വാനം വിരസവും അർത്ഥശൂന്യവുമായിത്തീരുന്നത്. അതായത് ആർക്കും കാര്യമായൊന്നും അറിഞ്ഞുകൂടാതെ വെറും ചില ക്രമീകരണങ്ങൾവെച്ച് ഭൂലോകജനത മണ്ടൻമാരായി, മടയൻമാരായി പത്രാസിച്ച് ജീവിക്കുന്ന അവസ്ഥ. (പു.476) അധ്വാനം സർഗ്ഗാത്മകതയിൽനിന്ന് അന്യവത്കരിക്കപ്പെടുമ്പോഴാണ് മനുഷ്യർ മണ്ടൻമാരും മടയൻമാരുമായിത്തീരുന്നത്.

തകർച്ചയിലേക്ക് കൂപ്പുകുത്തുന്ന ഈ ലോകത്ത് പ്രതീക്ഷകളോടെ നാം ഉറ്റുനോക്കിയ എല്ലാ ദർശനങ്ങളും അവയുടെ അന്തഃസത്ത ചോർന്ന് മനുഷ്യവിരുദ്ധമായി പെരുമാറുന്നതാണ് കാണുന്നത്. മാർക്സിസത്തിന്റെ വിധിയും മറ്റൊന്നല്ല. ഈ നോവലിൽ കൃഷ്ണനും നബിയും മാർക്സിനെ കണ്ടുമുട്ടുന്ന രംഗമുണ്ട്. അയ്യപ്പന്റെ വാക്കിൽ ദൈവമില്ലെങ്കിലും അദ്ദേഹത്തിന്റെ പ്രവൃത്തിയിൽ ദൈവമുണ്ടെന്ന് പറഞ്ഞ ശ്രീനാരായണനെയാണ് ഈ സന്ദർഭത്തിൽ നാം ഓർത്തുപോവുക. മാർക്സിനെ ദൈവവിരോധിയായും മാർക്സിസത്തെ നിരീശ്വരവാദമായും ജനങ്ങൾക്കിടയിൽ അവതരിപ്പിക്കുന്ന പൊതുബോധത്തിനുപകരം മാർക്സിനെയും പ്രവാചകനേയും കൃഷ്ണനേയും പരസ്പരം ബന്ധിപ്പിക്കുന്നതും മനുഷ്യപ്രകൃതത്തിൽ മാത്രം തെളിയുന്നതുമായ കാരുണ്യത്തിന്റെ സൂത്രം കണ്ടെത്താനാണ് നോവലിസ്റ്റ് ശ്രമിക്കുന്നത്. വർഗ്ഗം, വർഗ്ഗസമരം

തുടങ്ങിയ ആശയങ്ങളെ കേവലമായി അവതരിപ്പിക്കുകയല്ല മാർക്സ് ചെയ്തത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മനുഷ്യപ്രകൃതത്തെ അതിന്റെ സ്വച്ഛതയിലേക്ക് വികസിക്കാൻ അനുവദിക്കുന്ന ചരിത്രസന്ദർഭത്തിന്റെ സൃഷ്ടിയെയാണ് വിമോചനം എന്ന് വിളിക്കുന്നത്. മുതലാളിത്തത്തിന്റെ കെണിയിൽനിന്ന് പാർട്ടി ബ്യൂറോക്രസിയുടെ പിടിയിൽ അകപ്പെട്ടതുകൊണ്ട് മനുഷ്യപ്രകൃതത്തിന് മോചനം ലഭിക്കുകയില്ല. അതാണ് സോവിയറ്റ് യൂണിയന്റെ അനുഭവം തെളിയിക്കുന്നത്. ഇക്കാര്യങ്ങളെല്ലാം നോവലിൽ വിശദീകരിക്കുന്നുണ്ട്. മാർക്സിന്റെ വിശ്വാസം വ്യക്തിയിലായിരുന്നു. മാത്രമല്ല ആ വിശ്വാസം ലഹരിയോളമെത്തുന്നതുമായിരുന്നു. ജഡിലോക്തികളെയെല്ലാം അദ്ദേഹം സംശയിച്ചു. വ്യവസ്ഥയുടെ ചാപ്പകുത്തിയ മനുഷ്യരെ മാർക്സിന് സ്വപ്നം കാണാൻ പോലും കഴിയുമായിരുന്നില്ല. ഏകത്വത്തെയല്ല നാനാത്വത്തെയാണ് മാർക്സ് അംഗീകരിച്ചത്. ബിന്നാത്മക പ്രകൃതമുള്ള മനുഷ്യപ്രതിഭയെക്കുറിച്ചാണ് മാർക്സ് സംസാരിച്ചത്. രാവിലെ വേട്ടയാടാൻ പോകുകയും വൈകിട്ട് സംഗീതക്കച്ചേരി നടത്തുകയും രാത്രിയിൽ രുചികരമായ വിഭവങ്ങൾ പാചകം ചെയ്യുകയും ചെയ്യുന്ന ഒരു മനുഷ്യനാണ് മാർക്സിന്റെ ആദർശം. അതായത് മനുഷ്യന്റെ സകല സിദ്ധികൾക്കും ഉപകരണാത്മകമായല്ലാതെ സ്വയം സാക്ഷാൽക്കരിക്കാൻ കഴിയുന്ന ഒരു ജീവിതസന്ദർഭത്തെയാണ് നാം വിപ്ലവാനന്തരസമൂഹം എന്ന് വിളിക്കുന്നത്. ജനാധിപത്യത്തിന്റെ ശത്രുവല്ല സോഷ്യലിസം. അത് ജനാധിപത്യത്തെ കൂടുതൽ ആഴത്തിൽ സാക്ഷാൽക്കരിക്കുകയാണ് ചെയ്യേണ്ടത്. എന്നാൽ സോവിയറ്റ് യൂണിയനിലെ സോഷ്യലിസം ജനാധിപത്യത്തെ തകർക്കുകയാണ് ചെയ്തത്. മാർക്സ് മനുഷ്യപ്രകൃതത്തിന്റെ നൈസർഗ്ഗികതയിലും സൗന്ദര്യാത്മകതയിലുമൂന്നിയപ്പോൾ സ്റ്റാലിൻ യാന്ത്രികവ്യവസ്ഥക്കകത്ത് മനുഷ്യപ്രകൃതത്തെ നിഷേധിക്കുകയാണ് ചെയ്തത്. മാർക്സ് അധ്വാനത്തെക്കുറിച്ചല്ല, ഒഴിവുവേളയെക്കുറിച്ചാണ് കൂടുതൽ ആധിപ്പെട്ടത്. സമ്പദ്ഘടന മനുഷ്യപ്രകൃതത്തിനുമേൽ ചെലുത്തുന്ന അമിതമായ സ്വാധീനത്തെ ഉൻമൂലനം ചെയ്യുന്നതിനുവേണ്ടിയാണ് അദ്ദേഹം സാമ്പത്തികഘടനയുടെ അപഗ്രഥനത്തിൽ കൂടുതൽ ഊന്നിയത്. പ്രകൃതിയെ മനുഷ്യന്റെ അജൈവശരീരമായി മനസ്സിലാക്കിയ മാർക്സിന് യുദ്ധത്തെ ഒരു തരത്തിലും ന്യായീകരിക്കാനാവുമായിരുന്നില്ല. എന്നാൽ സോവിയറ്റ് യൂണിയൻ ഒന്നിനുപിറകെ ഒന്നായി യുദ്ധത്തിൽ ഏർപ്പെട്ടുകൊണ്ടേയിരുന്നു. എല്ലാ യുദ്ധങ്ങളും ഭൂമിയിലെ വിഭവങ്ങൾ തിന്നുതീർത്തു. മാർക്സ് എന്താണോ വിഭാവനം ചെയ്തത് അതിന്റെ വിപരീതം സംഭവിച്ചുകൊണ്ടിരുന്നു. മനുഷ്യന്റെ ആദർശങ്ങൾ വിപ്ലവാത്മകമായി കടന്നുവരികയും

വിനാശകരമായി ഒടുങ്ങിത്തീരുകയും ചെയ്യുന്നു. പ്രവാചകനായ തിരുനബിയും മാർക്സും ഗാന്ധിയുമെല്ലാം ഒരേ വിധിയുടെ കാട്ടുവഴികളിലൂടെ സഞ്ചരിച്ചവരാണ്. രാഷ്ട്രപിതാവായി പ്രഖ്യാപിച്ച രാജ്യത്തിനു നേരെ സമരം ചെയ്യേണ്ട ഗതികേട് ഗാന്ധിക്കല്ലാതെ മറ്റാർക്കാണ് ഉണ്ടായിട്ടുള്ളത്. രാജ്യം മുഴുവൻ സ്വാതന്ത്ര്യം ആഘോഷിക്കുമ്പോഴും ഗാന്ധി സമരം തുടരുകയായിരുന്നു. എത്ര വിചിത്രവും സങ്കടകരവുമായ അനുഭവം?

ഉൽക്കണ്ഠയുണർത്തുന്നതാണ് നോവലിലെ ഓരോ സന്ദർഭവും. പിറവിയുടെ സമയത്ത് മനുഷ്യരനുഭവിക്കുന്ന ഏകാന്തതയുടേയും അനാഥത്വത്തിന്റേയും ഓർമ്മയുണർത്തുന്ന ഏത് സന്ദർഭവും ഉൽക്കണ്ഠാജനകമെന്നത്രേ ഫ്രോയ്ഡ് പറയുന്നത്. അതുകൊണ്ട് ഉൽക്കണ്ഠയിൽ നിന്ന് മോചിതരാകാനുള്ള വഴി ഗർഭപാത്രത്തിലേക്ക്-പിറവിയുടെ ഉറവകളിലേക്ക് – തിരിച്ചൊഴുകുക എന്നതുതന്നെയാണ്. നോവൽ അവസാനിക്കുന്നത് അതേ സൂചനയോടെയാണ്. കഴുകി വെളുപ്പിക്കപ്പെട്ട ഭൂമിയിലേക്ക് പുതുപ്പരാഗങ്ങൾ ആർത്തിരമ്പിയെത്തുകയാണ്. പ്രളയാനന്തരം ഇനിയും ജീവന്റെ തുടിപ്പുകൾ. ഒരു പക്ഷേ അതേ കഥയുടെ പുനരാഖ്യാനം. കഴുകിവെളുപ്പിക്കപ്പെട്ട ഭൂമി ഒരു പുതിയ സ്ഥലമാണ്. കാലത്തിന്റെ സ്പർശമേൽക്കാത്ത ഒരാദിമസ്ഥാനം. പരാഗങ്ങൾ പറന്നിറങ്ങുന്നതോടെ ഘടികാരസൂചി നീങ്ങാൻ തുടങ്ങുകയായി. ഒരു പുതിയ ക്രോണോടോപ്പിനായുള്ള എഴുത്തുകാരന്റെ ധ്യാനവും അതോടെ ആരംഭിക്കുന്നു.